(ബി) ഏകദേശം 1090 കി.മി. റോഡുകളാണ് ഈ പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) മൊത്തത്തിൽ 106.20 കി.മീ നീളം വരുന്ന അഞ്ച് റോഡുകൾ സ്വകാര്യ പങ്കാളിത്തത്തോടെ, ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ പി.പി.പി/ആന്യൂറ്റി രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് പദ്ധതിയുടെ അടങ്കൽ തുകയുടെ 20 ശതമാനം നിർമ്മാണ കാലയളവിൽ Upfront payment ആയി നൽകുന്നതാണ്. കൂടാതെ ആന്യൂറ്റി ആയി നൽകേണ്ട തുക 26 അർദ്ധവാർഷിക ആന്യൂറ്റികളായി 13 വർഷംകൊണ്ട് "കൺസഷനയർ" ക്ക് നൽകുന്നതാണ്.

(ഡി) ഇല്ല.

(ഇ&എഫ്) ബാധകമല്ല.

(ജി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ മെഗാ ഇൻഫ്രാസ്ട്രക്ച്ചർ പ്രവൃത്തി കേരള റോഡ് ഫണ്ട് ബോർഡ്വഴി നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കുകയുണ്ടായി. പ്രസ്തുത ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി (DFIP) നടപ്പിലാക്കുന്നതിന് ബജറ്റിൽ പ്രഖ്യാപിച്ച ഇന്ധന അധിക വിൽപ്പന നികുതിയുടെ (ലിറ്ററിന് 1 രൂപാ നിരക്കിൽ ഏർപ്പെടുത്തിയത്) 50 ശതമാനം തുക റോഡ് ഫണ്ട് ബോർഡിന് കൈമാറുന്നതിന് സ.(കൈ)നം.112/15/TD തീയതി 30-6-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

സർവ്വകലാശാല നടത്തിയ ശിൽപ്പശാല

25 (*265) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് പഠനം വ്യാവസായിക വികസനത്തിന് കൂടുതൽ ഉപയുക്തമാക്കുന്നതിനുദ്ദേശിച്ച് വ്യവസായ പ്രമുഖരുമായി സർവ്വകലാശാല നടത്തിയ ശില്പശാലയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശില്പശാലയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സാങ്കേതിക പഠന പദ്ധതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ദേശീയ, അന്തർദേശീയ കാഴ്ചപ്പാടിനൊപ്പം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത, സ്ഥല ദൗർലഭ്യം ഉയർന്ന സാക്ഷരത ഇവയൊക്കെ പരമാവധി ഉപയോഗപ്പെടുത്തി വികസനക്കുതിപ്പുണ്ടാക്കാൻ പര്യാപ്തമായ സാങ്കേതിക പഠന സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) എഞ്ചിനീയറിംഗ് കരിക്കുലം എങ്ങനെ രൂപപ്പെടുത്തണമെന്ന് തീരുമാനിക്കുന്നതിന് വ്യാവസായിക പ്രമുഖരുമായി ഒരു ശില്പശാല സർവ്വകലാ ശാലാതലത്തിൽ ഏപ്രിൽ 17-ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ഈ ശിൽപ്പശാലയിൽ നാൽപ്പതിൽപ്പരം പ്രമുഖ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും (കേരളത്തിലും, കേരളത്തിന് പുറത്ത് ഇന്ത്യായിലും ഇന്ത്യയ്ക്ക് പുറത്തും നിന്നുള്ള), പ്രതിനിധികൾ പങ്കെടുത്തു. പ്രായോഗിക പരിശീലനത്തിലൂന്നിയ പാഠ്യപദ്ധതിയ്ക്ക് മുൻഗണന നൽകി തൊഴിൽ നൈപുണ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുക, വ്യവസായ മേഖലയുമായി ബന്ധപ്പെടുത്തി കോഴ്സുകൾ തൊഴിലധിഷ്ഠിതമാക്കുക, പഠന കാലത്തുതന്നെ തൊഴിൽ സംരംഭകത്വം എന്ന ആശയം വളർത്തിയെടുക്കുന്നതിന് നടപടി സ്വീകരിക്കുക എന്നിവയാണ് പ്രധാനമായി ഉരുത്തിരിഞ്ഞ കാര്യങ്ങൾ

(ബി) വ്യവസായമേഖലയിലെ തൊഴിൽ അവസരത്തിനൊത്തുള്ള 'outcome based' പാഠ്യപദ്ധതിയാണ് എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിനായി മുന്നോട്ട് വയ്ക്കുന്നത്. തൊഴിൽ സംരംഭകത്വം വളർത്തിയെടുക്കാനായി ഒരു കരട് 'start up' നയവും രൂപീകരിച്ചിട്ടുണ്ട്. ബിരുദാനന്തര കോഴ്സുകൾക്കായി രൂപീകരിച്ച ക്ലസ്റ്റർ സമിതിയിൽ വ്യവസായമേഖലയ്ക്ക് പ്രാതിനിധ്യം നൽകി കരിക്കുലം തയ്യാറാക്കി യിട്ടുണ്ട്.

(സി) ദേശീയ-അന്തർദേശീയ തലത്തിൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് മികവ് പുലർത്തുന്ന സ്ഥാപനങ്ങളും വിദഗ്ധരുമായി കൂടിയാലോചിച്ച് സാങ്കേതിക വിദ്യാഭ്യാസ പഠനം കാലോചിതമായി പരിഷ്കരിക്കാൻ സർവ്വകലാശാല നടപടികൾ സ്വീകരിച്ചു. അന്തർദേശീയ തലത്തിലുള്ള രീതിയിൽ കരിക്കുലം നവീകരണത്തിനായി ജൂലൈ മാസത്തിൽ അമേരിക്കയിലെ ഇൻഡ്യാനായിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പർഡ്യൂ യൂണിവേഴ്സിറ്റിയിലേയും അമേരിക്കയിലെ ഗ്ലാസ്സ്ബൊറോയിലുള്ള റൊവൻ യൂണിവേഴ്സിറ്റിയിലേയും അദ്ധ്യാപകരെ ഉൾപ്പെടുത്തി ഒരു ശിൽപ്പശാല സംഘടിപ്പിക്കുന്നുണ്ട്. "റിസർച്ച് ആന്റ് ഡെവലപ്പ്മെന്റി" നായി സ്റ്റീവാൻസ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനായി 2015 ഒക്ടോബർ മാസം യൂണിവേഴ്സിറ്റിയിലെ പ്രൊഫസർമാരുമായി ഒരു കോൺഫറൻസും വിഭാവനം ചെയ്തിട്ടുണ്ട്.

സ്വയംഭരണ കോളേജുകൾ

26 (*266) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. പ്രദീപ് കുമാർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചില കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനുള്ള സർക്കാർ തീരുമാനം ഉന്നത വിദ്യാഭ്യാസ മേഖലയെ പുറകോട്ടടിപ്പിക്കുമെന്ന ആക്ഷേപങ്ങൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം കോളേജുകൾക്കാണ് ഇതിനകം സ്വയംഭരണ പദവി നൽകിയിട്ടുള്ളത് ; ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) കൂടുതൽ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നതിനെതിരെ ഉയർന്നുവന്നിട്ടുള്ള ശക്തമായ പ്രതിഷേധം പരിഗണിച്ചിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി ഏതെങ്കിലും കോളേജുകളുടെ കാര്യത്തിൽ പുനർവിചിന്തനം നടത്തിയിട്ടുണ്ടോ ;

(ഇ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ മൂല്യത്തകർച്ചയും നിലവിലുള്ള പരിമിതമായ ജനാധിപത്യവകാശങ്ങൾപോലും കവർന്നെടുക്കുന്നതിനും വിദ്യാഭ്യാസരംഗം വാണിജ്യവൽക്കരിക്കുന്നതിനും കോളേജുകളുടെ സ്വയംഭരണവൽക്കരണം വഴിവെയ്ക്കുമെന്ന കാര്യം പരിശോധിക്കുമോ ; ഇതിന്റ പശ്ചാത്തലത്തിൽ തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly